കേരള സർക്കാർ

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ദർഘാസ് നോട്ടീസ്

നമ്പർ ഃ 587/എ2/2025/എച്ച്.ആർ.സി  തീയതി 26/08/2025

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ വാഹനങ്ങളായ KL 01 AZ 8843, KL 01 AZ 8877 14 വർഷവും 9 മാസവും തികഞ്ഞ സാഹചര്യത്തിൽ 18.03.2025-ലെ GO(P)No. 27/2025/Fin പ്രകാരവും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾ പ്രകാരവും പരസ്യമായി ലേലം/ക്വട്ടേഷൻ ചെയ്ത് വിൽപന നടത്തിയ ശേഷം 5 (അഞ്ച്) വർഷത്തേയ്ക്ക് തിരികെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലേയ്ക്ക് തന്നെ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നോട്ടീസ്.

വാഹനങ്ങളുടെ വിശദാംശങ്ങൾ

പട്ടിക

| Sl. No | | (1) | (2) |
|---|---|---|---|
| 1 | Registration No. | KL 01 AZ 8843 | KL 01 AZ 8877 |
| 2 | Make and Model | Toyota Innova 2010 | Toyota Innova 2010 |
| 3 | Fuel | Diesel | Diesel |
| 4 | Registration Validity upto | 23.11.2025 | 23.11.2025 |
| 5 | Insurance paid upto | 19.12.2025 | 19.12.2025 |
| 6 | Total Km covered as on 23.07.2025 | 238896 | 293068 |
| 7 | EMD | Rs.6250/- | Rs. 6000/- |

നിബന്ധനകൾ

1. ലേലം കൊള്ളുന്ന ആൾ വാഹനം വകുപ്പിൽ നിന്നും വാങ്ങി തിരികെ **5 (അഞ്ച്) വർഷത്തേയ്ക്ക്** വകുപ്പിന് തന്നെ വാടകയ്ക്ക് നൽകേണ്ടതാണ്.
2. വാഹനം വാങ്ങുന്നതിന് ലേലം കൊള്ളാൻ ഉദ്ദേശിക്കുന്ന തുകയും വാഹനം വാടകയ്ക്ക് തിരികെ വകുപ്പിന് തന്നെ നൽകുന്നതിനുള്ള മാസവാടകയും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
3. വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്ന തുകയും മാസ വാടകയും തമ്മിലുള്ള അനുപാതം കണക്കാക്കി അതിൽ കുറഞ്ഞ അനുപാതം അടിസ്ഥാനപ്പെടുത്തിയായിരിക്കും ലേലം അംഗീകരിക്കുന്നത്.
4. 18/03/2025ലെ GO(P)No. 27/2025/Fin സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കും ലേലം അംഗീകരിക്കുന്നത്.
5. വാഹനത്തിനാവശ്യമായ ഇന്ധനവും ഡ്രൈവറുടെ ശമ്പളവും (സർക്കാർ അംഗീകരിച്ച നിരക്കിൽ) വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും. വാഹനത്തിന്റെ അറ്റകുറ്റ പ്രവർത്തികളും തുടർ അനുബന്ധ പ്രവർത്തികളും മറ്റ് എല്ലാ ചിലവുകളും കരാറുകാരൻ സ്വയം നിർവഹിക്കേണ്ടതാണ്.
6. വാഹനം ലേലം മുഖാന്തരം വാങ്ങിയ ശേഷം കൈക്കൊണ്ടയാൾ വാഹനത്തിന്റെ ഉടമസ്ഥ അവകാശം സ്വന്തം പേരിൽ ആക്കിയ ശേഷം വകുപ്പിന്റെ തുടർന്നുള്ള ഉപയോഗത്തിന് വേണ്ടി സ്വന്തം ചിലവിൽ Contract carriage Permit എടുത്തിരിക്കണം.

7. ലേലം കൈകൊണ്ട ആൾ വാഹനത്തിന്റെ മുഴുവൻ തുകയും (18% GST അടക്കം) ലേലം സ്ഥിരീകരിച്ച ഉടൻ കെട്ടി വെക്കേണ്ടതാണ് അല്ലാത്ത പക്ഷം അടുത്ത കുറഞ്ഞ അനുപാത തുക രേഖപ്പെടുത്തിയ ആൾക്ക് ലേലം ഉറപ്പിച്ചു നൽകുന്നതാണ്.
8. ലേലം കൈകൊണ്ട ആൾ വാടക കാലാവധിയിൽ (കുറഞ്ഞത് അഞ്ചു വർഷം) വാഹനം വകുപ്പുതല ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.
9. ലേലം കൈകൊണ്ട ആൾ സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുമായി കേരള സർക്കാരിന്റെ 200 രൂപയുടെ മുദ്രപത്രത്തിൽ വാടക കരാറിൽ ഏർപ്പെടേണ്ടതാണ്.
10. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ വാഹനം വകുപ്പിന്റെ ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രകൾക്ക് ശേഷം മുഴുവൻ സമയവും കാര്യാലയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.

ക്വട്ടേഷനുകൾ സമർപ്പിക്കുന്നവരും നേരിട്ട് പരസ്യ ലേല നടപടികളിൽ പങ്കെടുക്കുന്നവരും പട്ടികയിൽ Sl.No.7 പ്രകാരമുള്ള തുക നിരത ദ്രവ്യമായി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ STSB Account No. 701011400000305-ൽ അടച്ച് ചെല്ലാൻ ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം അടച്ച് ട്രഷറി ചെലാൻ ഹാജരാക്കുന്നവർക്കു മാത്രമേ ലേലനടപടികളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

സീൽ ചെയ്ത ക്വട്ടേഷനുകൾ 10.09.2025-ന് 2.30 PM-ന് മുമ്പായി സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, പി.എം.ജി, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 3.00 PM- ന് പരസ്യ ലേല നടപടികൾ പൂർത്തിയാക്കിയ ശേഷം അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷനറുകൾ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ, ലേലക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ സർക്കാരിന്റെ നിലവിലെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി സമയങ്ങളിൽ 0471 2307143, 2306522, എന്നിവയിൽ ഏതെങ്കിലും ഒരു ടെലിഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

സെക്രട്ടറി
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**പി.എം.ജി, തിരുവനന്തപുരം -33**

## വാഹനം ലേലം കൊള്ളുന്നതിനുള്ള ഫോറം

| ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ പേരും അഡ്രസ്സും | തിരിച്ചറിയൽ കാർഡ് (ആധാർ നമ്പർ, പാൻ നമ്പർ) | വാഹന രജിസ്ട്രേഷൻ നമ്പർ | വാഹനം ലേലം കൊള്ളുന്നതിനുള്ള തുക | വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള മാസ വാടക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |